കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളറട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ്,
തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1821/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം ജില്ലാ കാര്യാലയം

തീയതി 22.10.2019
ഇ-മെയിൽ: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

വെള്ളറട ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വെള്ളറട ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ വെള്ളറട ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1821/19 തീയതി: 22.10.2019

**തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.1.2018 മുതൽ 13.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മുഹമ്മദ് നിസാർ.എ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.09.19 മുതൽ 27.09.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി സിസ്ദുലാബീവി.എം. ഓഡിറ്റ് ഓഫീസർ<br>ശ്രീ.അനിൽകുമാർ.ആർ.കെ,<br>സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ജയലക്ഷ്മി. ബി.കെ,<br>സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷാജി. എസ്, സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷിംജി. ജി, ഓഡിറ്റർ |

**(ബി)നിർവ്വഹണ അധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശോഭകുമാരി | 1/4/2018 മുതൽ 31/03/2019വരെ |
| സെക്രട്ടറി | ശ്രീ. ബി.കെ.കൃഷ്ണകുമാർ | 01.04.2018 മുതൽ 03.08.2018 വരെ |
| | ശ്രീ. പ്രദീപ്, ജൂനിയർ സൂപ്രണ്ട് | 4.8.2018 മുതൽ 11.10.2018 |

| | | |
|---|---|---|
| | (ഇൻ-ചാർജ്ജ് ) | വരെ |
| | ശ്രീ.അനിൽകുമാർ.ആർ.എസ് | 12.10.2018 മുതൽ 31.03.2019 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ബൈജു | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ (എ & ബി സർക്കിൾ) | ശ്രീ.വിനി ജോസഫ് | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ. (സി സർക്കിൾ) | ശ്രീ. ഷിബു വിൽസൺ | 01/04/2018 മുതൽ 31/03/2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പാർവ്വതി കൃഷ്ണൻ | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ. സുജ. എസ്.ഡി. | 01/04/2018 മുതൽ 30/07/2018 വരെ |
| | ഡോ.ബിനുദാസ് (ഇൻ-ചാർജ്ജ് ) | 31/07/2018 മുതൽ 16/01/2019 വരെ |
| | ഡോ.ആർ.സുനിൽ | 17/01/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രീത.എൻ.എസ് | 1/4/2018 മുതൽ 25/04/2019 വരെ |
| | ഡോ. അനുഷ | 26/4/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രാഖി.ആർ | 01/04/2018 മുതൽ 31/03/2019 വരെ |
| വെറ്റിനറി സർജൻ | ഡോ. സിമി. എസ്. | 1/4/2018 മുതൽ 18/06/2018 വരെ |
| | ഡോ. എസ്. ബൈജു | 19/06/2018 മുതൽ 31/03/2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീ.സാം ഡേവിഡ് | 01/04/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ് ബാബു | 1/4/2018 മുതൽ 26/06/2018 വരെ |
| | ശ്രീമതി. ജലജകുമാരി | 27/06/2018 മുതൽ 31/03/2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. ഷീല | 1/4/2018 മുതൽ 31/03/2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(രസീത് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് -നടപടിക്രമം പാലിച്ചിട്ടില്ല | 1-12 |
| 13 | വസ്തുനികുതി അപാകതകൾ | 1-13 |
| 14 | വാടക- അപാകതകൾ | 1-14 |
| 15 | കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല | 1-15 |
| 16 | കരാർ ചമയ്ക്കുന്നതിന് കാലതാമസം | 1-16 |
| 17 | ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 1-17 |
| 18 | സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പൂർണമായും പാലിക്കുന്നില്ല. | 1-18 |
| 19 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-19 |
| 20 | ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ല | 1-20 |
| 21 | അനധികൃത കെട്ടിടം-തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | അക്ഷയസൗരോർജ്ജ ഉൽപ്പാദന പദ്ധതി -പ്രവർത്തനക്ഷമമായില്ല | 1-22 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | ഇക്കോ ടൂറിസം പദ്ധതി- സർക്കാർ ഭൂമിയിൽ അനുമതിയില്ലാതെ നിർമ്മാണം തുടങ്ങി- പാതിവഴിയിൽ ഉപേക്ഷിച്ചു | 1-24 |
| 25 | കാർഷിക കുളം നവീകരണം- വ്യക്തമായ ആസൂത്രണമില്ലാത്തതിനാൽ ലക്ഷ്യം കണ്ടില്ല | 1-25 |
| 26 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല | 1-26 |
| 27 | ടെണ്ടർ വിളിച്ച് കരാറുറപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു | 1-27 |
| 28 | നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ തുക നൽകി | 1-28 |
| 29 | അവസ്ഥാരേഖ (Status Report)തയ്യാറാക്കിയതിൽ പാളിച്ച | 1-29 |
| 30 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | തൊഴിലുറപ്പ് പദ്ധതി -അപാകതകൾ | 1-31 |
| 32 | കുടിവെള്ള വിതരണം | 1-32 |
| 33 | വിവിധോദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-33 |
| 34 | ഹരിതഭവനം പദ്ധതി-വീഴ്ചകൂടാതെ നടപ്പാക്കണം | 1-34 |
| 35 | ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി (വനിത) നടത്തിപ്പിലെ | 1-35 |

| | | |
|---|---|---|
| | അപാകതകൾ | |
| | **ഭാഗം 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 36 | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം-തുക ഈടാക്കേണ്ടതാണ്. | 2-1 |
| | **ഭാഗം 3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 37 | വാർഷിക പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 38 | സംയുക്ത പ്രോക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 42 | സ്ഥിരനിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 45 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം 1 ആയി 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23/02/2019 ലെ 21-)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (രസീത് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,54,34,753/- |
| വരവ് | 21,85,81,734/- |
| ആകെ | 24,40,16,487/- |
| ചെലവ് | 18,59,96,061/- |
| നീക്കിയിരിപ്പ് | 5,80,20,426/- |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 30635871 | 30635871 | 30635871 | 0 |
| എസ്.സി.പി | 0 | 5441671 | 5441671 | 5441671 | 0 |
| ടി.എസ്.പി | 0 | 561050 | 561050 | 561050 | 0 |
| സി.എഫ്.സി | 0 | 17360184 | 17360184 | 17360184 | 0 |
| ബി.ഫണ്ട് | 0 | 992400 | 992400 | 992400 | 0 |
| മെയിന്റനൻസ് റോഡ് | 0 | 20734218 | 20734218 | 20734218 | 0 |
| മെയിന്റനൻസ് നോൺ-റോഡ് | 0 | 6176710 | 6176710 | 6176710 | 0 |
| ജനറൽ പർപ്പസ് ഫണ്ട്&ട്രഷറി തനത് | 1478069 | 41383967 | 42862036 | 22830673 | 20031363 |
| Union Bank Vellarada (തനത് ഫണ്ട്) | 20605930 | 16191208 | 36797138 | 5375435 | 31421703 |
| SBI-Net Banking (തനത് ഫണ്ട്) | 62333 | 81821 | 144154 | 956 | 143198 |
| DCB-Vellarada (തനത് ഫണ്ട്) | 2697942 | 0 | 0 | 0 | 2697942 |
| Vijaya bank saksharatha | 63382 | 0 | 0 | 0 | 63382 |
| MNREGS | 277550 | 1820082 | 2097632 | 2087637 | 9995 |
| Distress relief fund | 2753 | 500 | 3253 | 0 | 3253 |
| Green protocol fund | 108769 | 164196 | 272965 | 8003 | 264962 |
| jalanidhi | 531020 | 0 | 0 | 0 | 531020 |
| TSB-joint venture | -423318 | 11771647 | 11348329 | 10320720 | 1027609 |
| SBI-LIFE | 0 | 65032048 | 65032048 | 63440210 | 1591838 |
| cash | 30323 | 234161 | 264484 | 30323 | 234161 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 422250546 | 203 | 160129673 | 40 | 81 | 62.6% |

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | * 277550 | 1820082 | 2097632 | 2089735 | 7897 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 164973000 | 164973000 | 164973000 | 0 |
| ആകെ | 277550 | 166793082 | 167070632 | 167062735 | 7897 |

*വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് താല്ക്കാലികമായി എടുത്തിരിക്കുന്നു.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9,92,400/- | 1042 |
| കർഷകതൊഴിലാളി പെൻഷൻ | 1,72,10,000/- | 1495 |
| വിധവാപെൻഷൻ | 2,65,01,700/- | 81 |
| വാർദ്ധക്യകാലപെൻഷൻ | 4,11,41,600/- | 360 |
| വികലാംഗപെൻഷൻ | 91,92,500/- | 715 |
| വിവാഹധനസഹായം | 3,00,000/- | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള | 6,66,000/- | 54 |

| | | |
|---|---|---|
| പെൻഷൻ | | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60,628/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന എല്ലാ തപാലുകളും ഫ്രണ്ട് ഓഫീസ് വിതരണ രജിസ്റ്ററിലുൾപ്പെടുത്തി യഥാക്രമം നമ്പർ നല്കി രസീത് നല്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ ബോണ്ടുകൾ, വിലപിടിപ്പുള്ളവ, ആധാരങ്ങൾ, ഇവ യഥാവിധി ഫ്രണ്ട് ഓഫീസിലെ സെക്യൂരിറ്റി രജിസ്റ്ററിലൂടെയല്ല നിർവഹണ ഉദ്യോഗസ്ഥരുടെ പക്കലെത്തുന്നത്. പഞ്ചായത്തിന് വിവരങ്ങൾ ശേഖരിക്കുന്നതിനും കൈമാറുന്നതിനുമായിട്ടുള്ള മെസേജ് ബുക്ക് പരിപാലിക്കുന്നില്ല. സൗജന്യമായും വിലയീടാക്കിയും നല്കുന്ന ഫോറങ്ങളുടെ വിവരങ്ങൾ ഫ്രണ്ട് ഓഫീസിലെഴുതി പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമസഭാ ബോർഡ് ഒഴികെയുള്ള സേവനവിവര ബോർഡുകൾ സ്ഥാപിക്കുന്നതിനായി കെൽട്രോണിന് സപ്ളൈ ഓർഡർ നല്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായ മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് കുറെ കൂടി ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമത്തിന്റെ പുരോഗതിക്കും ആവശ്യമായ നിർദ്ദേശങ്ങളും മോണിട്ടറിംഗും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടാവേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ആവശ്യകത പല പദ്ധതികളുടെ രൂപീകരണത്തിലും പാലിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. കെട്ടിട നികുതി നിർണ്ണയത്തിലെ സഞ്ചയ, സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥരും IKM പ്രതിനിധികളുമായി ആലോചിച്ച് പരിഹാരം ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാകേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2019 | 2019 മാർച്ച് | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 | 2013-14 മുതൽ 2017-18 വരെ | 22.10.18 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. 2019-20 വർഷത്തേക്കുള്ള പബ്ലിക് മാർക്കറ്റിന്റെ ലേലത്തിൽ 28/03/2019 ൽ അഡ്വാൻസായി ലഭിച്ച 2,70,000/- രൂപ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. എൻക്വയറിക്ക് മറുപടിയായി ആയത് Auction deposit ഹെഡിൽ വരവായി എടുത്തുവെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്.
2. 2018-19-ൽ ലേല ഇനത്തിലുള്ള വരവ് 10,03,600/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയത് 9,02,600/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാർക്കറ്റ് വരവിൽ ഡെപ്പോസിറ്റ് തുകയായ 1,01,000/- രൂപ അഡ്ജസ്റ്റ് ചെയ്യതിനനുസരിച്ച് വാർഷിക ധനകാര്യപത്രികയിൽ മാറ്റം വരുത്തിയിട്ടില്ല.
3. <u>സുലേഖ ചെലവ് പത്രികയിലെ തുകയും പ്രോജക്ട് ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല</u>

എച്ച്.എം. നിർവ്വഹണം നടത്തിയ 'സർക്കാർ സ്കൂളുകളിൽ പ്രീപ്രൈമറി ശാക്തീകരണം' (നം.157/19)എന്ന പ്രോജക്ടിന്റെ യഥാർത്ഥ ചെലവ് 6,30,000/- രൂപയും സുലേഖ ചെലവ് പത്രികയിലെ ചെലവ് 5,67,000/-രൂപയുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/19, തീ.24.09.19-ന് ലഭ്യമാക്കിയ മറുപടിയിൽ 7.03.19 തീയതിയിലെ ചെക്ക് നം.2341087 പ്രകാരമുള്ള 63,000/- രൂപയുടെ ചെലവ് സാംഖ്യ സോഫ്റ്റ് വെയറിൽ സേവ് ആകാത്തതിനാലാണ് സുലേഖ ചെലവ് പത്രികയിൽ കുറവ് വരാൻ കാരണം എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

# 1-12 ബജറ്റ് -നടപടിക്രമം പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2017 ഡിസംബർ 15-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018 ജനവരി 15-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2018 ജനവരി 25-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018 ഫെബ്രുവരി 1-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018 ഫെബ്രുവരി 28-ന് മുൻപ് | 21.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018 മാർച്ച് 1-ന് മുൻപ് | 20.3.18 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018 മാർച്ച് 7-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 31.03.2018 | 26.03.2018 |

ബജറ്റിനായി മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

1)വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1&2 പ്രകാരം ബജറ്റ് പ്രോപ്പോസൽ സമർപ്പിച്ചിട്ടില്ല.

2) സെക്രട്ടറി അനക്സ്ച്ചർ 374 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല.

3) നോൺ പ്ളാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർത്തിട്ടില്ല.

4)ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് annexure 5.175.2 പ്രകാരം നല്കിയിട്ടില്ല.

5)ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ, സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.
ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-13 വസ്തുനികുതി അപാകതകൾ

1. ഡേറ്റാ പ്യൂരിഫിക്കേഷൻ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റ ഡാറ്റാപ്യൂരിഫിക്കേഷൻ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 2018-19 വർഷം വസ്തുനികുതി ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതുമായി ബന്ധപ്പെട്ട വിശദാംശം ആവശ്യപ്പെട്ടതിന്, അതാത് വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാരെ ഇതിലേക്കായി ചുമതലപ്പെടുത്തുകയും ടിയാളുകളുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്യൂരിഫിക്കേഷൻ നടത്തുകയുമാണ് ചെയ്യുന്നതെന്ന മറുപടിയാണ് നൽകിയത്. എന്നാൽ ഇത്തരത്തിൽ ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തുനികുതി ക്രമപ്പെടുത്തി എന്നത് സംബന്ധിച്ച് രേഖകളോ ഫയലോ സൂക്ഷിക്കാത്തതിനാൽ ഇതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

2. <u>കമ്മിറ്റി തീരുമാനമില്ലാതെ വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കുന്നു</u>

വാർഷികധനകാര്യ പത്രിക പ്രകാരം Property tax(Res) ഇനത്തിൽ 7,43,487/- രൂപയും, Property tax(Non-Res) ഇനത്തിൽ 7,60,527/-രൂപയും ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഡാറ്റാപ്യൂരിഫിക്കേഷൻ ചെയ്യതിനാലാണ് ഡിമാന്റ് കുറഞ്ഞതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഇതിനായി കമ്മിറ്റി തീരുമാനമൊന്നും ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി-ഡിമാന്റിൽ മാറ്റം വരുത്തുമ്പോൾ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 11, 12 എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതുമായി ബന്ധപ്പെട്ട രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

3. <u>വസ്തുനികുതി സാംഖ്യാ രസീത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുന്നില്ല</u>

വസ്തുനികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട സാംഖ്യാ രസീത് ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രസീത് പ്രകാരമുള്ള വരവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ കളക്ഷനായി വന്നിട്ടുണ്ട്. അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി (നം.2/19.09.2019) നൽകിയതിന് മറുപടിയായി സാംഖ്യ സോഫ്റ്റ് വെയർ വഴി കെട്ടിടനികുതി സ്വീകരിക്കുമ്പോൾ തന്നെ സഞ്ചയസോഫ്റ്റ് വെയറിൽ ആയത് പോസ്റ്റ് ചെയ്യപ്പെടുമെന്നും, എന്നാൽ ക്യാൻസൽ ചെയ്താൽ സഞ്ചയസോഫ്റ്റ് വെയറിൽ പ്രത്യേകം ഡിലീറ്റ് ചെയ്യേണ്ടതുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ രസീത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. ഉദാ. ചുവടെ ചേർക്കുന്നു

| രസീത് നം. | തുക |
|---|---:|
| 118060102468 | 122.00 |
| 118060102609 | 151.00 |
| 118060102899 | 473.00 |
| 118060103272 | 937.00 |
| 118060104342 | 92.00 |
| 118060105871 | 1,369.00 |
| 118060108607 | 463.00 |

ഇപ്രകാരം തുക സഞ്ചയയിൽ ക്യാൻസൽ ചെയ്യാത്തതിനാൽ രസീത് ക്യാൻസൽ ചെയ്യുന്ന വ്യക്തികളുടെ വസ്തുനികുതി ഡിമാന്റിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

4. <u>ഒരേ കെട്ടിടത്തിലുൾപ്പെട്ട കടമുറികളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തുന്നു</u>

ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ കെട്ടിടത്തിലുൾപ്പെട്ട കടമുറികളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി നികുതി കണക്കാക്കി അടിസ്ഥാന വസ്തുനികുതി കണക്കാക്കിയിരിക്കുന്നു. ഉദാ. ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നം. മേഖല | ഉടമസ്ഥന്റെ പേര് |
|---|---|---|
| 14 | 781- പ്രഥമം<br>782 - പ്രഥമം<br>783 - ദ്വിതീയം | ശ്രീ.ഷിബു & ശ്രീമതി സാവിത്രി,<br>ഇരടിഞ്ഞിവിളാകത്ത് വീട് |
| 15 | 532 എ- ദ്വിതീയം<br>432 ബി - പ്രഥമം | ശ്രീ. സിറാജുദ്ദീൻ,<br>വസന്തം ഹൗസ്, പനച്ചമൂട് |
| 10 | 716 എ - പ്രഥമം<br>717 എ - ദ്വിതീയം<br>718 എ - പ്രഥമം | മുരളീധരൻ നായർ,<br>പവിത്രം, വെള്ളറട |

ഡാറ്റാ എൻട്രി നടത്തിയ സമയത്തുള്ള ക്ലറിക്കൽ തകരാർ കാരണമാണ് അപാകത സംഭവിച്ചതെന്ന മറുപടിയാണ് ഓഡിറ്റ് (എൻക്വയറി നം.2/19.09.2019) നൽകിയിരിക്കുന്നത്.

എല്ലാ വാർഡിലേയും കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-14 വാടക- അപാകതകൾ

<u>i. ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ്- ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്</u>

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സിലുള്ള ആകെ 71 കടമുറികളിൽ 8 എണ്ണവും (നം. 4, 5, 8, 9, 10, 11,62, 65) വെള്ളറട ഷോപ്പിംഗ് കോംപ്ലക്സിലുള്ള ആകെ 14 കടമുറികളിൽ 7 ാം നമ്പർ കടമുറിയും ഒഴിഞ്ഞുകിടക്കുകയാണ്.

പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സിലുള്ള ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ മുകളിലത്തെ നിലയിലുള്ളതാണെന്നും, പത്രപരസ്യം നൽകിയിട്ടും, ലേലനോട്ടീസ് പ്രകാരം പരസ്യം നൽകിയിട്ടും ആരും ലേലം കൊള്ളാൻ തയ്യാറായിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ് തൻവർഷം 10,15,165/- രൂപ ചെലവിൽ മെയിന്റനൻസ് പ്രവൃത്തി ചെയ്തിട്ടുണ്ട്.

വെള്ളറട ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിക്ക് മെയിന്റനൻസ് ആവശ്യമായതിനാലാണ് ലേലം ചെയ്യാത്തതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിലേക്കായി പ്രോജക്ട് അംഗീകിച്ചെങ്കിലും തൻവർഷം നടപ്പാക്കിയിട്ടില്ല.

അടിയന്തിര തുടർനടപടി സ്വീകരിച്ച് കടമുറികൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

ii. വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

ഷോപ്പിംഗ് കോംപ്ലക്സിലെ ചുവടെ ചേർക്കുന്ന കടമുറകളിൽ നിന്ന് വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

I. പനച്ചമൂട് ഷോപ്പിംഗ് കോപ്ലക്സ്

| കടമുറി നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 16 | ശ്രീ.ഷിബുകുമാർ,<br>എസ്.ജി. ഭവൻ, പനച്ചമൂട് | 16,332/- (1361x12) |
| 39 | ശ്രീ.ഗോപി,<br>കടവിളാകത്ത് പുത്തൻവീട്, പനച്ചമൂട് | 9,912/- (1416x7) |
| 41 | ശ്രീ.മുഹമ്മദ്ബീവി,<br>പാറവിളപുത്തൻവീട്, പനച്ചമൂട് | 896/- (448 x 2) |

II. വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ്

| കടമുറി നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 2 | ശ്രീ.വില്യം.എൻ,<br>കീഴ് മുട്ടൂർ പാറയരുകിൽ വീട്, തേക്കുപാറ | 41,420/- (20710x2) |

ആകെ കുടിശ്ശിക - 68,560/- രൂപ

വാടക കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-15 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 (ജി.ഒ (പി)13/2012) പാർട്ട്2 പ്രവർത്തന സമ്പ്രദായങ്ങളിലെ സെക്ഷൻ 2112 ൽ കരാറുകാരന്റെതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിനായി അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപ് അപേക്ഷ നല്കേണ്ടതാണ്. ആയത് ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ വാങ്ങി പൂർത്തീകരണ കാലാവധിയുടെ 25%വരെ തീർപ്പാക്കി നല്കാം. ചില പ്രവൃത്തികളിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ചെലവ് ബിൽനം/ തിയതി | എഗ്രീഡ് പി.എ.സി. | എം.ബുക്ക് | വർക്ക് ഓർഡർ തീയതി, കാലാവധി | പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (പി.എ.സി. യുടെ 1%) |
|---|---|---|---|---|---|---|---|
| 280/18-19<br>നെട്ടപെയ്യാൻ കോണം | 1065130/-<br>25/11.7.1.18<br>91/24.11.18<br>[illegible] | 10,65,130/- | 118/17-18 | 5/2/18,<br>120 ദിവസം | 05/6/18 | 8/8/18 | 10,651/- |

| | | | | | | | |
|---|---|---|---|---|---|---|---|
| പുനരുദ്ധാരണം<br>കോൺട്രാക്ടർ-ശ്രീ.അലോഷ്യസ് | 92/24.11.18 | | | | | | |
| 266/18-19<br>പറവിള-വേങ്കോട് റോഡ് പുനരുദ്ധാരണം<br>കോൺട്രാക്ടർ-ശ്രീമതി സിംല ഡേവിഡ് | 349790/-<br>1/22.5.18 | 3,48,910/- | 78/18-19 | 28/9/17<br>120 ദിവസം | 29/1/19 | 27/3/18 | 3,489/- |

കാലാവധി കഴിഞ്ഞ മറ്റു ചില പ്രോജക്ടുകളിൽ സപ്ലിമെന്ററി എഗ്രിമെന്റിൽ ഒപ്പിട്ടുവാങ്ങിയതല്ലാതെ തീയതിയോ, കാലാവധിയോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-16 കരാർ ചമയ്ക്കുന്നതിന് കാലതാമസം

സെലക്ഷൻ നോട്ടീസ് കൈപ്പറ്റി യഥാസമയം കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-17 ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 1,20,860/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പൂർണമായും പാലിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ

രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്.

2018-19 സാമ്പത്തിക വർഷം 7 പാരാമെഡിക്കൽ സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളത്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/13.09.2019 ന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ കൃത്യമായും പാലിച്ച് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷനില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-19 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | വിലാസം |
|---|---|---|
| 1 | റ്റി.കെ. രവീന്ദ്രൻ | ഗൗരീ നിവാസ്, കോട്ടയ്ക്കൽ |
| 2 | ബിനിൽകുമാർ. | കടയറവീട്, കല്ലുവിള. |
| 3 | രഘുവരൻനായർ | ലക്ഷ്മിനിവാസ്, അരുവിയോട്. |
| 4 | സതീഷ് രാജ്. | ജെ.എസ്.ഭവൻ. മണലി. |
| 5 | ശശിധരൻനായർ | സരസ്വതി ഭവൻ, നെയ്യാറ്റിൻകര. |
| 6 | സുനിൽകുമാർ.റ്റി. | പാലോലിവീട്, കരിക്കറത്തല. |
| 7 | സുനിൽകുമാർ.ബി | ഭാസ്കരവിലാസം, വേങ്കോട്. |
| 8 | കോമളൻ. | പ്രണവം, മുണ്ടനാട്. |
| 9 | വിനീത്.കെ ആർ. | പ്ളാവിള പുത്തൻ വീട്, ആവണക്കുഴി. |
| | | |

| | | |
|---|---|---|
| 10 | ധനീഷ്. | മലയങ്കാവ്, ചെറിയകൊല്ല. |
| 11 | ക്രിസ്തുദാസ്. | ക്രിസ്തുഭവൻ, മലയങ്കാവ്. |
| 12 | രാജ്കുമാർ | മാതാഇല്ലം, പഞ്ചാങ്കുഴി. |
| 13 | ബോബൻ.എസ്.ആർ. | കുരിശ്ശുമൂട്ഹൗസ്, പഞ്ചാങ്കുഴി. |
| 14 | ബൈജു. | ഉരുളോട്, മേക്കര, കുടയാൽ |

തൊഴിൽനികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു

# 1-20 ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരവിനത്തിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ' ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകി എന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്ഥിരംസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടത്തിന്റെ വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തി രാജ് നിയമം വകുപ്പ് 232,233 കേരള പഞ്ചായത്തി രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996, വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്.

# 1-21 അനധികൃത കെട്ടിടം-തുടർനടപടി സ്വീകരിക്കേണ്ടതാണ്

തിരുവനന്തപുരം കളക്ടറേറ്റിൽ വച്ച് 29.07.2019 ൽ നടന്ന അദാലത്തിൽ ശ്രീ. ബാലചന്ദ്രൻ നായർ, ചുണ്ടിക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നമ്പറിംഗിനായുള്ള അപേക്ഷ (2007 ൽ പണി ആരംഭിച്ച് 2019 ൽ നമ്പറിടാൻ അപേക്ഷിച്ചത്) കെട്ടിട നിർമ്മാണ ചട്ടം 220(ബി) ലംഘിച്ചതിനാലും സെറ്റ് ബാക്ക് ഇല്ലാത്തതിനാലും നിരസിച്ചതായി (ഫയൽ നമ്പർ (DDP നമ്പർ ഓഫീസ്) 1957/19) ഇതുമായി ബന്ധപ്പെട്ട പെർഫോമ – 1 പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾക്കായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് കളക്ടറേറ്റിൽ നിന്നും തിരികെ ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഗ്രാമപഞ്ചായത്തിൽ നിന്നും അരകിലോ മീറ്റർ ചുറ്റളവിനുള്ളിൽ പ്രധാന റോഡിനരികിലുള്ള പ്രസ്തുത ബഹുനില വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിൽ വൈദ്യുത കണക്ഷനുണ്ടെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ പെർമിറ്റ് നൽകിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29) മറുപടിയായി നാളിതുവരെ പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് നൽകിയിട്ടില്ലായെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് അറിയിച്ചത്.

ഗ്രാമപഞ്ചായത്തിന് സമീപത്ത് പെർമിറ്റ് ഇല്ലാതെ അനധികൃതമായി കെട്ടിടം നിർമ്മിച്ചിട്ടും, ഇതിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടും 2007 മുതൽ നാളിതുവരെ പഞ്ചായത്തിൽ നിന്നും സ്റ്റോപ്പ് മെമ്മോ നൽകുകയോ സ്ഥാപനത്തിനെതിരെ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സെക്രട്ടറിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു.

അനധികൃത കെട്ടിടത്തിനുമേൽ അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-22 അക്ഷയസൗരോർജ്ജ ഉല്പാദന പദ്ധതി -പ്രവർത്തനക്ഷമമായില്ല

പ്രോജക്റ്റ് - അക്ഷയസൗരോർജ്ജ ഉല്പാദന പദ്ധതി

പ്രോജക്റ്റ് നം. 20/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക - 4,40,000/-

ചെലവ് തുക - 4,40,000/-

ബിൽ നം/തിയതി . 42/18-19/28.12.18

അക്ഷയ ഊർജ്ജ ഉല്പാദന പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഓഫീസിന്റെ ടെറസിൽ സോളാർ പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജം വൈദ്യുതിയാക്കി മാറ്റി കെ.എസ്.ഇ.ബി.ക്ക് കൈമാറുകയും പഞ്ചായത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് ബിൽ തുകയിൽ നിന്ന് കുറവ് ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അനെർട്ടിന്റെ പരിശോധന റിപ്പോർട്ട് അനുസരിച്ച് 5 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 4,40,000/- രൂപ അനെർട്ടിന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/19, തീ.20.09.19-ന് ലഭ്യമാക്കിയ മറുപടിയിൽ സോളാർ പാനലുകളും അനുബന്ധ ഉപകരണങ്ങളും, ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതി അളക്കുന്നതിനുള്ള മീറ്റർ ഉൾപ്പെടെ സജ്ജീകരിച്ചിട്ടുള്ളതായും പദ്ധതി വൈകാതെ കമ്മീഷൻ ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സോളാർ പാനലുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് കൈമാറുകയും പഞ്ചായത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഒഴികെയുള്ള തുക പഞ്ചായത്തിന് തിരികെ നല്കുകയും

ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പ്രോജക്ട് | പ്രോജക്ട് നം | അടങ്കൽ തുക | ചെലവ് തുക | ബിൽനം./ തീയതി |
|---|---|---|---|---|
| പി.എം.എ.വൈ.വിഹിതം നൽകൽ | 06/19 | 14,00,000/- | 14,00,000/- | 07/18-19/ 16.06.18 |
| ഐ.കെ.എം-ന് വിഹിതം നൽകൽ | 07/19 | 1,50,000/- | 1,50,000/- | 06/18-19/ 16.06.18 |
| മാർഗ്ഗ തടസ്സമായി നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 18/19 | 3,00,000/- | 2,82,261/- | 05/19/16.06.18<br>15/19/13.07.18<br>36/19/26.11.18<br>37/19/26.11.18 |
| പുതിയ വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 19/19 | 5,00,000/- | 4,87,064/- | 18/18-19/ 08.09.18 |
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 216/19 | 4,46,400/- | 4,40,000/- | 31/19/19.11.18 |
| ആകെ | | | 27,59,325/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/19, 12/19 തീ.20.09.19-ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-24 ഇക്കോ ടൂറിസം പദ്ധതി- സർക്കാർഭൂമിയിൽ അനുമതിയില്ലാതെ നിർമ്മാണം തുടങ്ങി- പാതിവഴിയിൽ ഉപേക്ഷിച്ചു

പ്രോജ നം. 209/18-19 (പ്ലാങ്കുടിക്കാവ് നെടുംപാറ എക്കോ ടൂറിസം)

അടങ്കൽ - 10,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

കരാറുകാരൻ - ശ്രീ.പോൾരാജ്

എം.ബുക്ക് നമ്പർ - 552/18-19

കരാർ നം. - 135/AE/LSGD/VLRD/18-19 dtd.05.12.2018

ടൂറിസം വികസനം എന്ന ലക്ഷ്യത്തോടെ വെള്ളറട വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വെ നം.524/1 ൽ ഉൾപ്പെട്ട സർക്കാർ ഭൂമിയിൽ എക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും ഇതിലേക്കായി 2018-19 ൽ 10,00,000/- രൂപ അടങ്കലിൽ പ്രോജക്ട് രൂപീകരിക്കുകയുമുണ്ടായി. വിനോദസഞ്ചാരകേന്ദ്രത്തിനായി കെട്ടിടം നിർമ്മിക്കാനാണ് തുക വകയിരുത്തിയത്. ഇതിലേക്ക് ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് ടെണ്ടർ ലഭിക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ (9,84,767.67/- രൂപ) ശ്രീ.പോൾരാജിന്റെ ടെണ്ടർ അംഗീകരിക്കുയും വർക്ക് ഓർഡർ നൽകി കരാറുകാരനുമായി കരാർ ഉറപ്പിക്കുകയുമുണ്ടായി. 10.12.18-നാണ് പണി ആരംഭിച്ചത്. എന്നാൽ പണി ആരംഭിച്ച ശേഷം 08.03.2019 ലെ 01/AE/LSGD/18-19 നമ്പർ കത്ത് പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ നിർമ്മാണം നിർത്തിവയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ആകെ ചെയ്ത പ്രവൃത്തിക്കുള്ള (1,15,576/- രൂപ) തുക കരാറുകാരന് മാറി നൽകിയിട്ടുമുണ്ട് (ക്യൂ ബില്ലായതിനാൽ 19-20 ലാണ് പേയ്മെന്റ് നടത്തിയിട്ടുള്ളത്). തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

സർക്കാരിന്റെ അനുമതി വാങ്ങാതെയാണ് സർക്കാർ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമിയിൽ നിർമ്മാണം നടത്താൻ തീരുമാനിച്ചതും പ്രവൃത്തി തുടങ്ങിയതും. പണി തുടങ്ങിയശേഷമാണ് വെള്ളറട വില്ലേജിൽ ഉൾപ്പെട്ട പ്രസ്തുത ഭൂമിയുടെ പ്ലാനും, സ്കെച്ചും അനുവദിച്ചു നൽകാൻ വെള്ളറട വില്ലേജ് ഓഫീസറോട് അഭ്യർത്ഥിക്കാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത് (21.12.18 ലെ 2(6) നം. തീരുമാനം). എന്നാൽ ആയത് ലഭ്യമായില്ല. തുടർന്ന് പ്രസ്തുത ഭൂമിയിൽ അനധികൃത നിർമ്മാണ പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ (വില്ലേജ് ഓഫീസർ) കേരള ഭൂസംരക്ഷണ നിയമപ്രകാരം നിർമ്മാണനിരോധന ഉത്തരവ് പുറപ്പെടുവിച്ചതിന്റേയും (5.1.2019 ലെ ഉത്തരവ്), ടി പ്രോജക്ടിനെതിരെ സ്റ്റെഫാനോ സാൻഡ്സ് അഗ്രഗേറ്റ്സ്, തൊടുപുഴ, കോട്ടയം എന്ന സ്ഥാപന ഉടമ നെയ്യാറ്റിൻകര പ്രിൻസിപ്പൽ മുനിസിഫ് കോടതിയ്ക്ക് മുമ്പാകെ ഒ.എസ്സ്.24/2019 നം. കേസ് ഫയൽ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ പണിനിർത്തിവയ്ക്കാൻ തീരുമാനിക്കുകയാണുണ്ടായത്. പ്രസ്തുത സ്ഥലത്ത് വിശ്രമ മന്ദിരത്തിന്റെ അടിസ്ഥാന നിർമ്മാണം മാത്രമാണ് ഇപ്പോൾ നടത്തിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന് അവകാശമില്ലാത്ത സ്ഥലത്ത് പ്രോജക്ട് നിർവ്വഹണം നടത്താൻ തീരുമാനമെടുത്തത് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടിനായി ചെലവായ 1,15,576/-രൂപ വ്യക്തമായ ആസൂത്രണമില്ലാതെ പ്രോജക്ട് നടപ്പാക്കാൻ തീരുമാനിച്ച ഭരണസമിതി അംഗങ്ങളിൽ നിന്നും, നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 1-25 കാർഷിക കുളം നവീകരണം- വ്യക്തമായ ആസൂത്രണമില്ലാത്തതിനാൽ ലക്ഷ്യം കണ്ടില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ കാർഷികകുളം നവീകരണവുമായി ബന്ധപ്പെട്ട രണ്ട് പ്രോജക്ടുകൾ (പ്രോജക്ട് നം.42/18-19, 45/18-19) പരിശോധിച്ചതിലും, സ്ഥലപരിശോധനനടത്തിയതിലും, വൻതുക ചെലവഴിച്ചിട്ടും കൃത്യമായ ആസൂത്രണമില്ലാത്തതു

കാരണം പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ലായെന്ന് വ്യക്തമാക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 42/18-19 (ചിറത്തലയ്ക്കൽ കാർഷിക കുളം നവീകരണം)

അടങ്കൽ - 35,00,000/-(വികസന ഫണ്ട് (ജനറൽ))

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

കരാറുകാരൻ - ശ്രീ.വിനയാധനൻ. ഡി.എസ്.

എം.ബുക്ക് നമ്പർ - 582/18-19

കരാർ നം. - 146/AE/LSGD/VLRD/18-19 dtd.18.12.2018

കാർഷിക കുളം നവീകരിക്കുക, ജലസംരക്ഷണം നടത്തി കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുക എന്നീ ലക്ഷ്യത്തോടെ രൂപീകരിച്ച പ്രോജക്ടിലേക്ക് ടെണ്ടർ ക്ഷണിക്കുകയും 4 ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ (2719923.50/-) ശ്രീ.വിനയാധനൻ.ഡി.എസ്- ന് കരാർ ഉറപ്പിച്ച് നൽകുകയുമുണ്ടായി. പാർശ്വഭിത്തിനിർമ്മാണം എന്ന പ്രവൃത്തിയാണ് നടത്തിയിരിക്കുന്നത്. 2018-19 ൽ ആകെ 5,60,409/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയിരുന്നു (ക്യൂ ബില്ലായതിനാൽ 2019-20 സാമ്പത്തിക വർഷമാണ് ചെലവ് വന്നത്). പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ, കുളത്തിൽ നിന്നും നീക്കം ചെയ്ത വൻതോതിലുള്ള ചെളി കുളത്തിനുചുറ്റുമായും, മറ്റ് സ്വകാര്യവ്യക്തികളുടെ പറമ്പിലും കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. (എം.ബുക്ക് ലഭ്യമാക്കാത്തതിനാൽ അളവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല- ചെക്ക് മെഷർ ചെയ്യാനായി കൊടുത്തതിനാലാണ് എം.ബുക്ക് ഹാജരാക്കാത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്.)

2. പ്രോജക്ട് നം. 45/18-19 (പാലപ്പിള്ളി കാർഷികകുളം നവീകരണം)

അടങ്കൽ - 12,55,589/- (വികസന ഫണ്ട് (ജനറൽ))

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

കരാറുകാരൻ - ശ്രീ.കോമളൻ

എം.ബുക്ക് നമ്പർ - 179/18-19

കരാർ നം. - 104/AE/LSGD/VLRD/18-19 dtd. 28.09.2018

നിലവിൽ ഉപയോഗശൂന്യമായ കുളം ഫലപ്രദമായ രീതിയിൽ നവീകരിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമാക്കിയത്. ഇതിലേക്കായി പാർശ്വഭിത്തി നിർമ്മാണം, കുളം വറ്റിച്ച് ചെളി നീക്കം ചെയ്യൽ, കുളത്തിന് പുറത്ത് പുതിയ ശുദ്ധജല കിണർ നിർമ്മാണം എന്നീ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. എം.ബുക്ക് പ്രകാരം 16.11.2018 വരെയുള്ള പ്രവൃത്തികൾ മാത്രമേ അസി.എക്സി.എൻജിനീയർ ചെക്ക്മെഷർ ചെയ്തിട്ടുള്ളൂ (പേജ് നം. 16 മുതൽ 23 വരെയുള്ള പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്തിട്ടില്ല). സ്ഥലപരിശോധനയിൽ പ്രസ്തുത കുളത്തിലേക്ക് ഇപ്പോൾ സഞ്ചാരയോഗ്യമല്ലാത്ത ഒരു ഇടുങ്ങിയ വഴിമാത്രമാണുള്ളതെന്നും, കുളത്തിനുചുറ്റും വൻതോതിൽ മണ്ണ് നിറച്ച് തുടർപ്രവർത്തനങ്ങൾ ചെയ്താൽ മാത്രമേ കുളം ഉപയോഗയോഗ്യമാക്കാൻ സാധിക്കുകയുള്ളൂവെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എം.ബുക്ക് പ്രകാരം കുളത്തിൽ നിന്നും നീക്കം ചെയ്ത 990.568 എം$^3$ മണ്ണ് കുളത്തിനുചുറ്റുമുള്ള സ്ഥലം നികത്താനുപയോഗിക്കുകയോ ടെണ്ടർ ചെയ്യുകയോ ചെയ്യാതെ ഏകദേശം 200 മീറ്ററിലധികം ദൂരെ, സ്വകാര്യവ്യക്തിയുടെ വസ്തുവിൽ മാറ്റിയിടുകയാണ്

ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നം.28/26.09.2019)ക്ക് മറുപടിയായി നീക്കിയ മണ്ണിൽ 651.62$m^3$ സംരംക്ഷണ ഭിത്തി കെട്ടിയതിന്റെ വശങ്ങളിൽ ഫിൽ ചെയ്യാൻ ഉപയോഗിച്ചുവെന്നും ബാക്കിയുള്ള 140$m^3$ മണ്ണ് 2018-19ലെ 369-ാം നമ്പർ പ്രോജക്ടിനായി (2019-20-ൽ സ്പിൽ ഓവറായി ഉപയോഗിക്കുന്നതാണെന്നും അറിയിച്ചു.

മേൽ രണ്ട് പ്രോജക്ടുകൾ പരിശോധിച്ചതിലും കുളം കാർഷികാവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വൻതുക വീണ്ടും ചെലവഴിച്ചാൽ മാത്രമേ ആയത് ഏതെങ്കിലും രീതിയിൽ ഉപയോഗപ്രദമാക്കാൻ സാധിക്കുകയുള്ളു. ആയതിനാൽ മേൽ രണ്ട് പ്രോജക്ടുകളും ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് വിലയിരുത്തുന്നു. ചിറത്തലയ്ക്കൽ കാർഷിക കുളത്തിന്റെ പരിസരത്ത് നിക്ഷേപിച്ചിട്ടുള്ള ചെളി ലേലം ചെയ്യാൻ തുടർനടപടി സ്വീകരിക്കേണ്ടതും, പാലപ്പിള്ളി കാർഷിക കുളത്തിൽ നിന്നും നീക്കം ചെയ്ത മണ്ണ് സ്പിൽ ഓവർ പ്രോജക്ടിനു വേണ്ടി അസി. എഞ്ചിനീയർ എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിശദമാക്കിയ രീതിയിൽ ഉപയോഗിക്കേണ്ടതുമാണ്. കുളം നവീകരണം പോലുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. കുളം നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-26 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 xii (ഇ) യിലും 29-3-2017 ലെ 72/2017/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 ൽ അംഗീകാരം ലഭിച്ച 3 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

1. പ്രോജ നം.268/19 (എലിവാലൻകോണം-മുട്ടച്ചൽ റോഡ് പുനരുദ്ധാരണം)

2. പ്രോജ നം. 288/19 (പനച്ചമൂട്-പാറമുക്ക് റോഡ് പുനരുദ്ധാരണം)

3. പ്രോജ നം. 313/19 (മീതി റോഡ് റീടാറിംഗ്)

സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-27 ടെണ്ടർ വിളിച്ച് കരാറുറപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു

തൻവർഷം കരാറുപ്പിച്ചതിൽ രണ്ട് പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

<u>1. പ്രോജക്റ്റ് നം. 222/19 - ഇ.ജി.എം.ജി. ചർച്ച് നടപ്പാത നിർമ്മാണം</u>

അടങ്കൽ - 1,50,000/-

കരാറുകാരൻ - ശ്രീ.ശ്രീകുമാരൻനായർ

രണ്ട് ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ശ്രീകുമാരൻനായർക്ക് (1,49,879/-) ടെണ്ടർ അംഗീകരിച്ച് നൽകുകയും കരാറുറപ്പിക്കുകയും (03.08.2018 ലെ 80/AE/VLRD/18-19 നം. കരാർ) ചെയ്തു. തുടർന്ന് പ്രവൃത്തി നടപ്പാക്കിയിട്ടില്ല.

2. പ്രോജക്ട് നം. 192/19- ചൂണ്ടിക്കൽ കൊട്ടുവറത്തല നടപ്പാത നിർമ്മാണം

അടങ്കൽ - 1,99,937/-

കരാറുകാരൻ - ശ്രീ.രഘുവരൻ നായർ

രണ്ട് ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ.രഘുവരൻ നായർക്ക് (എസ്റ്റിമേറ്റ് റേറ്റ് ) ടെണ്ടർ അംഗീകരിച്ച് നൽകി കരാറൊപ്പിട്ടിട്ടുണ്ട് (18.07.18 ലെ 53/AE/VLRD/18-19). എന്നാൽ തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

മേൽ രണ്ട് പ്രവൃത്തികളും സ്ഥലം ലഭ്യമാക്കാത്തതിനാൽ ഉപേക്ഷിച്ചുവെന്ന മറുപടിയാണ് നൽകിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം.20/25.09.2019) പദ്ധതി രൂപീകരണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ സ്ഥലലഭ്യത ഉറപ്പുവരുത്താതെയാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നു. മതിയായ ആസൂത്രണത്തിന്റെ അഭാവത്താലാണ് ഇപ്രകാരം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടിവന്നത്. ഇക്കാര്യം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-28 നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ തുക നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളിൽ നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാതെ മുൻകൂറായി തുക നൽകി.

| പ്രോജക്ടിന്റെ പേര്, നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | ബിൽ നം./ തീയതി | ചെലവ് തുക |
|---|---|---|---|---|
| മാർഗ്ഗതടസ്സമായി നിൽക്കുന്ന വൈദ്യുതപോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ- നം.18/19 | സെക്രട്ടറി | കെ.എസ്.ഇ.ബി | 1. 5/18-19, 16.07.2018 | 76,539/- |
| | | | 2.15/18-19, 13.07.2018 | 17,587/- |
| | | | 3.36/18-19, 26.11.2018 | 53,988/- |
| പുതിയ വൈദ്യുതലൈൻ സ്ഥാപിക്കൽ-നം-19/19 | സെക്രട്ടറി | കെ.എസ്.ഇ.ബി | 18/18-19, 08.09.2018 | 4,87,064/- |
| കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ നം-216/19 | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 31/18-19, 19.11.2018 | 4,40,000/- |

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ 29.01.2018 ഖണ്ഡിക 11.1(ഡി)(ii)പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് തദ്ദേശഭരണ സ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ തുക

മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/19 തീ.20.09.19-ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. നിക്ഷേപ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-29 അവസ്ഥാരേഖ (Status Report) തയ്യാറാക്കിയതിൽ പാളിച്ച

വാർഷിക പദ്ധതി രൂപീകരണത്തിനു മുന്നോടിയായി തദ്ദേശ ഭരണസ്ഥാപനം ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചുകഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാവിശകലനം നടത്തണം. അവസ്ഥാവിശകലനത്തിൽ നിന്നും ബന്ധപ്പെട്ട വികസനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതാണ്.(ഫോറം3)

തുടർന്ന് അവസ്ഥാവിശകലനത്തെ അവലംബമാക്കി ഓരോ വികസനമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. അവസ്ഥാരേഖയിൽ ലക്ഷ്യങ്ങൾ രണ്ടു രീതിയിൽ നിർവ്വചിക്കണം. ഒന്നാമതു വേണ്ടത് വികസന മേഖലയിലെ ദീർഘകാല ലക്ഷ്യങ്ങൾ അഥവാ കാഴ്ചപ്പാട് വ്യക്തമാക്കുക എന്നതാണ്. 2030-ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം എന്നാണ് വ്യക്തമാക്കേണ്ടത്. രണ്ടാമത് 13-ാം പദ്ധതിയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങളും അവശേഷിക്കുന്ന വർഷങ്ങളിൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവ്വചിക്കുകയാണ് വേണ്ടത്.

മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം 4 ലും തൻവർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/നടപ്പിലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം 5 ലും തയ്യാറാക്കി അവസ്ഥാരേഖയുടെ ഭാഗമാക്കേണ്ടതാണ്.

<u>അവസ്ഥാ രേഖയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1.ഓഡിറ്റിന് ലഭ്യമായത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് മാത്രകയാണ്. പ്രസ്തുത റിപ്പോർട്ട് സമഗ്രമല്ല. പലകോളങ്ങളും ഒഴിഞ്ഞുകിടക്കുന്നു.

ഉദാ:പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളുടെ വൈദഗ്ധ്യം/പരിചയം രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ വിദഗ്ധർ ഉൾപ്പെട്ടിട്ടില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്.

2.പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടത്.

3.2018-19 സാമ്പത്തിക വർഷത്തെ പുതുക്കിയ അവസ്ഥാരേഖ ഓഡിറ്റിനു ലഭ്യമായില്ല. അവസ്ഥാരേഖ പുതുക്കിയാൽ മാത്രമേ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം സാദ്ധ്യമാകൂ. അവസ്ഥാ രേഖ

പുതുക്കാതിരുന്നതിനുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി നമ്പർ:30 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല.

അവസ്ഥാരേഖ തയ്യാറാക്കിയതിൽ സംഭവിച്ചിട്ടുള്ള പാളിച്ച, പദ്ധതിയുടെ ഓരോഘട്ടത്തേയും ബാധിക്കുന്നതാണ്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 1-30 ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു

(a) മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ

(1) പ്രോജക്ട് . ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. 10/19

അടങ്കൽ തുക - 5,00,000/-

ചെലവ് - 5,00000/-

ബിൽ നം/തിയതി . 01/18-19/17.10.19

പദ്ധതി നടത്തിപ്പിലേക്കായി 2018-19 വർഷം മരുന്ന വാങ്ങുന്നതിനായി 5,00,000/- രൂപ ഔഷധിക്ക് കൈ മാറിയിട്ടുണ്ടെങ്കിലും ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം/തീയതി | തുക |
|---|---|
| 90090869/22.11.18 | 1,49,964/- |
| 90094283/18.12.18 | 42,688/- |
| 90100783/31.01.19 | 66,610/- |
| 901002210/13.02.19 | 9,744/- |
| 90105981/28.02.19 | 9,893/- |
| 90108501/18.03.19 | 15,901/- |
| 90111378/31.03.19 | 50,331/- |
| 90113304/31.03.19 | 23,329/- |
| 90115549/31.05.19 | 25,946/- |
| 90117999/24.06.19 | 26,642/- |
| 90119529/29.06.19 | 33,517/- |
| 90125040/31.07.19 | 23,050/- |
| ആകെ | 4,77,615/- |

22,385/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിക്കുന്നതിന് അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7ബി/19 തീ.20.09.19-ന് ലഭ്യമാക്കിയ മറുപടിയിൽ

മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

(2) പ്രോജക്ട് - പാലീയേറ്റീവ് കെയർ

പ്രോജക്ട് നം. 11/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(CHC)

അടങ്കൽ തുക - 12,50,000/-

ബിൽ നം/തിയതി – 10/18-19/25.03.19 -74,750/-

പ്രസ്തുത പ്രോജക്ടിലേക്ക് മരുന്നവാങ്ങുന്നതിനായി ഔഷധിക്ക് 50,000/- രൂപയും കാരുണ്യ ഫാർമസിക്ക് 24,750/-രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം./തീയതി | തുക |
|---|---|
| 90095145/26.12.18 | 5,258/- |
| 90101487/06.02.19 | 3,784/- |
| 90109876/28.03.19 | 5,250/- |
| 90111991/31.03.19 | 28,973/- |
| ആകെ | 43,265/- |

6,735/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിക്കുന്നതിന് അവശേഷിക്കുന്നു. കാരുണ്യയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല. 53,870/- രൂപയുടെ (22385+6735+24750) മരുന്നുകൾ അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കാൻ കഴിയാത്ത പക്ഷം, തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-31 തൊഴിലുറപ്പ് പദ്ധതി -അപാകതകൾ

## a) <u>പണിസാധനങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല</u>

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നാളിതുവരെ വാങ്ങിയ പണിസാധനങ്ങളുടെ വിശദാംശം (വാങ്ങിയ വർഷം, ഇനം, എണ്ണം), സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) മറുപടിയായി 2008-09 കാലയളവിൽ 1,50,000/-രൂപ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണിസാധനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും, ആയത് ആ വർഷത്തെ കൺവീനർമാരെ ഏല്പിച്ചതാണെന്നും, നിലവിൽ പ്രസ്തുത പണിസാധനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്ററും ഇഷ്യൂ രജിസ്റ്ററും പരിപാലിച്ചിട്ടില്ലാത്തതിനാൽ എന്തൊക്കെ സാധനങ്ങളാണ് വാങ്ങി വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പിന്റെ ഭാഗമായി നാളിതുവരെ വാങ്ങിയ പണിയായുധങ്ങളുടെ വിശദാംശം (എണ്ണം, വിതരണം) ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ആയതിന്റെ സ്റ്റോക്ക് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## b) <u>കുളം പുനരുദ്ധാരണം</u>

2018-19ൽ കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ച് നടപ്പിലാക്കിയ ജലാശയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ നീക്കം ചെയ്ത മണ്ണിന്റെ പുനരുപയോഗം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ചെളിമണ്ണ് ലേലം ചെയ്യുകയോ, മറ്റു പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സമാനമായ മറ്റു പ്രവൃത്തികളിലും നീക്കം ചെയ്ത മണ്ണിന്റെ പുനരുപയോഗം ലഭ്യമാക്കിയിട്ടില്ല. ഉപയോഗശൂന്യമായ മണ്ണാണെങ്കിൽ അതിന്റെ ഉപയോഗശൂന്യത സംബന്ധിച്ച വിവരം എം. ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കുളം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ വസ്തു ഉടമ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. തൻവർഷം കുളം നിർമ്മാണത്തിനായി 40 പ്രവൃത്തികൾ ഏറ്റെടുത്തു. ഇതിൽ ഭൂരിഭാഗവും കാർഷിക മേഖലയിലാണ്. എന്നാൽ കൃഷി ഓഫീസറുടെ മേൽനോട്ടമോ മാർഗ്ഗനിർദ്ദേശമോ കുളം നിർമ്മാണ പ്രവൃത്തികളിൽ തേടിയിട്ടില്ല.

**C)<u>നഴ് സറി റെയ്സിംഗ് പ്രോജക്ടുകകൾ</u>**

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലും ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനായി (ഓരോ വാർഡിലും 30000 തൈകൾ വീതം) ലക്ഷ്യമിട്ട് തൻ വർഷം 92,52,215/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. തൈകൾ മുളപ്പിച്ച് ഫലപ്രദമായി വിതരണം നടത്തിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുളപ്പിച്ച തൈകൾ എല്ലാം വിതരണം ചെയ്തുവെന്നാണ് അറിയിച്ചത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ സ്ഥലപരിശോധനയിൽ ഇപ്രകാരം മുളപ്പിച്ചെടുത്ത തൈകൾ വിതരണം നടത്താതെ കൂട്ടിയിട്ടിരിക്കുന്നത് കണ്ടെത്തി. ദീർഘവീക്ഷണമില്ലാതെ പദ്ധതി നടപ്പിലാക്കിയതുമൂലം ലക്ഷക്കണക്കിന് തൈകൾ മുളപ്പിച്ചെങ്കിലും കൃത്യമായി നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ പ്രയോജനപ്രദമാകുമായിരുന്നു. 92,52,215/- രൂപ ചെലവഴിച്ചിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ അനിവാര്യമാണ്. 92,52,215/-രൂപയുടെ ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-32 കുടിവെള്ള വിതരണം

ഗ്രാമപഞ്ചായത്തിലെ ആറാട്ടുകുഴി വാർഡിലുൾപ്പെടുന്ന കുരിശ്ശുമല തീർത്ഥാടനത്തിനായി വരുന്ന ജനങ്ങൾക്ക് എല്ലാവർഷവും തനത് ഫണ്ടിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനായി ഭീമമായ തുക ചെലവ് ചെയ്യുന്നുണ്ട്. 2011 ലെ (കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിൽ (3) പ്രകാരം മത-രാഷ്ട്രീയ സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് വരുന്ന ചെലവുകൾ അസാധാരണ ചെലവുകളിലുൾപ്പെടുത്താൻ പാടില്ലാത്തതാണ്. കൂടാതെ ഇത്തരം ചെലവിന്റെ പരിധി ഒരു ലക്ഷം രൂപയാണ്. 2018 ഏപ്രിൽ മാസത്തെ മാത്രം ചെലവായി 1,37,880/-രൂപ (ബിൽ നം. 55/19.4.18 cheque no:02026991) തനത്ഫണ്ടിൽ നിന്നും വന്നിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പെസഹാ വ്യാഴം, ദുഃഖ വെള്ളി, ഈസ്റ്റർ ദിനങ്ങളിൽ തീർത്ഥാടകർ എത്തിച്ചേരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് കമ്മമിറ്റി തീരുമാനപ്രകാരം കുടിവെള്ളവിതരണം നടതത്തുന്നുവെന്നാണ്. തനതുഫണ്ടിൽ നിന്നുമുള്ള ഇത്തരം ചെലവുകൾ അനിവാര്യഘട്ടങ്ങളിൽ മാത്രം പരിധി ലംഘിക്കാതെ ചെയ്യേണ്ടതാണ്.

# 1-33 വിവിധോദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ

# സൂക്ഷിച്ചിരിക്കുന്നു

വാർഷിക ധനകാര്യപത്രിക B4-Schedule പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിൽ/ഏജൻസികളിൽ നിന്നും ലഭിച്ചതിൽ 67,89,054/- രൂപ ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | തുക |
|---|---:|
| 320100115 | 12,87,000/- |
| 320100121 | 6,93,504/- |
| 320200322 | 20,98,227/- |
| 320300103 | 1,51,500/- |
| 320300199 | 37,500/- |
| 320700204 | 4,07,409/- |
| 320700404 | 7,44,508/- |
| 320700405 | 10,57,912/- |
| 320800101 | 2,64,182/- |
| 320800299 | 47,312/- |

ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ എന്താവശ്യത്തിലേക്കാണോ ലഭിച്ചത് ആയതിലേക്ക് ചെലവഴിക്കേണ്ടതും അല്ലാത്തപക്ഷം അതാത് ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 1-34 ഹരിതഭവനം പദ്ധതി-വീഴ്ചകൂടാതെ നടപ്പാക്കണം

പ്രോജക്ട് – ഹരിതഭവനം

പ്രോജക്ട് നം. 135/19

<u>അടങ്കൽ</u>

| | | |
|---|---|---:|
| വികസന ഫണ്ട് | - | 5,60,000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | - | 5,60,000/- |
| ഗുണഭോക്തൃ വിഹിതം | - | 11,20,000/- |
| ആകെ | - | 22,40,000/- |

ചെലവ് - 98,000/-

ബിൽ നം/തിയതി. 09/18-19/06.12.18

14/18-19/18.01.19

17/18-19/23.01.19

24/18-19/15.03.19

26/18-19/15.03.19

27/18-19/15.03.19

33/18-19/26.03.19

വീടുകൾ-ഹരിതഭവനം എന്ന പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് നാമമാത്ര/ചെറുകിട കർഷർക്കായാണ്. ഇത് ഒരു സംയോജിത പദ്ധതിയാണ്. താഴെ പറയുന്നവ പദ്ധതിയുടെ ഭാഗമായി നിർവ്വഹിക്കേണ്ടതുണ്ട്.

1. വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലത്തും ജൈവകൃഷി നടത്തുക

2.വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം പുരയിടത്തിന് പുറത്ത് പോകാതെ

അത് കിണറ്റിനരികിൽ കിനിഞ്ഞിറങ്ങുന്നതിന് സൗകര്യമേർപ്പെടുത്തുക.

3.മേൽക്കൂരയിലെ മഴവെള്ളം കിണർ റീചാർജ്ജിംഗ് പിറ്റിലേക്ക് എത്തിക്കുക

4.ബാത്ത് റൂമിൽ നിന്നും പുറത്ത് വരുന്ന മലിനജലം റീസൈക്കിൾ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി, കുടിക്കുന്നതൊഴികെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക

5.ഊർജ്ജസംരക്ഷണം, മിതവ്യയം,സുരക്ഷിതത്വം എന്നിവ ഉറപ്പ് വരുത്തുക.

6.വീട്ടുവളപ്പിൽ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൗഹൃദമായി ജൈവവളമാക്കുക, വളക്കുഴി നിർമ്മിക്കുക.

7.ഖരമാലിന്യങ്ങളും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുക

8.വളർത്തുപക്ഷികളെയും മൃഗങ്ങളെയും കഴിയുന്നിടത്തോളം വീട്ടുവളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക.

9.വീട്ടുവളപ്പിൽ മേൽപ്പറഞ്ഞരീതികൾക്കനുയോജ്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സന്നദ്ധരാകുന്നവർക്ക് സാധ്യമായ സഹായങ്ങൾ നൽകുക.

10.നടപ്പാക്കുന്ന മുറയ്ക്ക് തദ്ദേശഭരണസ്ഥാപനതല മിഷൻ ടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകി ചെയ്ത പ്രവർത്തനങ്ങൾക്കനുസൃതമായി വിവിധ സബ്സിഡികൾ, പ്രത്യേകമായി പറഞ്ഞിട്ടുള്ളവയ്ക്ക് അതും, അതിലുപരിയായ പ്രവർത്തനങ്ങൾക്ക് മാർഗരേഖയിൽ നിർദ്ദേശിക്കുന്ന സബ്സിഡിയും നൽകുക.

11. Beneficiary enrolment form: വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജലവിഭവസംരക്ഷണം, മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഒരു പട്ടിക, എന്നിവ ഗുണഭോക്താവിന് നൽകി 4 വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുക.

12. ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃത രീതി രൂപപ്പെടുത്തുക.

13. അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, മറ്റ് സാമൂഹിക സംഘടനകൾ എന്നിവയുടെ ശേഷി വിനിയോഗിക്കുക-ചുമതലപ്പെടുത്തുക.

ഇത്തരത്തിൽ നിരവധി കാര്യങ്ങളടങ്ങിയ സംയോജിത പദ്ധതിയായി നടപ്പാക്കേണ്ടിയിരിക്കെ, കോഴിക്കൂട് വാങ്ങൽ, കോഴി വാങ്ങൽ, മാലിന്യ സംസ്കരണ യൂണിറ്റ്, കിണർ റീചാർജ്ജിംഗ്

എന്നിങ്ങനെ ചില പ്രവർത്തനങ്ങൾ മാത്രം ഉൾപ്പെടുത്തി 14 പേർക്ക് 7,000/-രൂപ നിരക്കിൽ തുക വിതരണം ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയത് പദ്ധതിയുടെ ഫലപ്രാപ്തി കൈവരിക്കുന്നതിന് പര്യാപ്തമല്ല. വകയിരുത്തിയ വികസന ഫണ്ടിന്റെ 18% മാത്രമാണ് ചെലവഴിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.27/19 തീയതി 26.09.2019-ന് ലഭ്യമാക്കിയ മറുപടി പൂർണമായും തൃപ്തികരമല്ല. പ്രോജക്ട് നിർവ്വഹണ വേളയിൽ അപാകതകളുണ്ടാകാതിരിക്കാൻ വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-35 ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി (വനിത) നടത്തിപ്പിലെ അപാകതകൾ

(1) പ്രോജക്ട് – ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി (വനിത)

പ്രോജക്ട് നം. 137/19

അടങ്കൽ തുക - 6,35,000/-

ചെലവ് - 6,35,000/-

ബിൽ നം/തിയതി - 01/18-19/08.10.18

04/18-19/17.10.18

ക്ഷീരസംഘത്തിൽ നൽകുന്ന 1 ലിറ്റർ പാലിന് 4/-രൂപ എന്ന തോതിൽ കണക്കാക്കി അത്രയും തുക വനിത ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ടാണിത്. വനിതകൾക്കായി രൂപീകരിച്ച പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ഷിജു.എസ്. എന്ന ഗുണഭോക്താവിന് കൂടി സബ്സിഡി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7എ/19 തീ.20.09.19-ന് ലഭ്യമാക്കിയ മറുപടിയിൽ വനിത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയാണ് ഷിജു.എസ്-ന്റെ പേര് ഉണ്ടായിരുന്നതെന്നും ശ്രദ്ധ കുറവ് കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്നും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവേളയിൽ അപാകതകളുണ്ടാകാതിരിക്കാൻ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധപുലർത്തേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

# 2-1 സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം- തുക ഈടാക്കേണ്ടതാണ്

01.02.2012 ലെ PWD manual 13/2017 sec 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14

ദിവസത്തിനകം കരാറുകാരൻ തദ്ദേശസ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. PACയുടെ 1% പിഴ 14 ദിവസത്തിനുശേഷം 10 ദിവസത്തിനകം കരാർ ചമച്ചില്ലെങ്കിൽ ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 'ഇടയ്ക്കോണം പാലേലി ബണ്ട് നിർമ്മാണം' എന്ന പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | എഗ്രീഡ് പി.എ.സി. | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | എഗ്രിമെന്റ് ഒപ്പുവച്ച തീയതി | ഈടാക്കേണ്ട തുക (PACയുടെ 1%) |
|---|---|---|---|---|
| 339/18-19 ഇടയ്ക്കോണം പാലേലി ബണ്ട്<br>കോൺട്രാക്ടർ- ശ്രീ.ക്രിസ്തുദാസ്.റ്റി | 397639/- | 30/11/18 | 31/12/18 | 3976/- |

കരാറുകാരനിൽ നിന്നും പിഴത്തുക ഈടാക്കി വിവരം ലഭ്യമാക്കാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ....

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ 18.07.2019 വരെ | നം.കെ.എസ്.എ.റ്റി.വി.എം.ജിപി2/1490/2019 തീയതി 19.08.19 |

## 4-2 സംയുക്ത പ്രോക്ടുകൾക്ക് ലഭിച്ച ഫണ്ട്

# വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി-വനിത | 300000 | 300000 | 0 |
| 2 | | 2018-19 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി-ജനറൽ | 1400000 | 1400000 | |
| 3 | | 2018-19 | ഹരിതകേരള മിഷൻ കിണർ റീചാർജിംഗ് (എസ്.സി) | 333000 | 80000 | 253000 |
| 4 | | 2018-19 | സമ്പൂർണ്ണ ഭവനപദ്ധതി-ലൈഫ് | 2985508 | 2494000 | 491508 |
| 5 | | 2018-19 | സ്നേഹസ്പർശം- | 299250 | 299250 | 0 |
| | ആകെ | | | 5317758 | 4573250 | 744508 |
| 6 | ജില്ലാ പഞ്ചായത്ത് | 2018-19 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി-വനിത | 145000 | 85000 | 60000 |
| 7 | | 2018-19 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി-ജനറൽ | 70000 | 60000 | 10000 |
| 8 | | 2018-19 | ഹരിതകേരള മിഷൻ | 35000 | 0 | 35000 |
| 9 | | 2018-19 | സമ്പൂർണ്ണ ഭവനപദ്ധതി-ലൈഫ് | 4899912 | 4366000 | 533912 |
| 10 | | 2018-19 | ജലശ്രീ- കിണർ റീചാർജിംഗ്. | 540000 | 121000 | 419000 |
| 11 | | 2018-19 | സ്നേഹസ്പർശം- | 299250 | 299250 | 0 |

*സംയുക്ത പദ്ധതികളുടെ വരവ് ചെലവ് വിവരങ്ങൾ അതത് ഇനങ്ങളുടെ അടിസ്ഥാനത്തിൽ ലഡ്ജറിൽ ചേർത്തിട്ടില്ല.

*head 320700205 ൽ തൻവർഷത്തേതല്ലാത്ത 58,872/-രൂപയുടെ വരവ് കാണിച്ചിരിക്കുന്നു.ഇത് ഏത് ഇനത്തിന്റേതെന്ന് വ്യക്തമല്ല.

*head 320700204 ൽ redumption തുകയായ 8,30,727/- രൂപയും തൻവർഷത്തേതല്ലാത്ത 58,872/- രൂപയുടെ ചെലവും കാണിച്ചിരിക്കുന്നു.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,40,000/- | 0 | 4,40,000/- |
| 2 | കേരളാ ഇലക്ട്രിസിറ്റി ബോർഡ് | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,82,261/- | 0 | 2,82,261/- |
| 3 | | പുതിയ ലൈൻ സ്ഥാപിക്കൽ | 4,87,064/- | 0 | 4,87,064/- |
| 4 | അനർട്ട് | സൗരോർജ്ജ ഉല്പാദന പദ്ധതി | 4,40,000/- | 0 | 4,40,000/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടച്ചട,യ്ക്കാനുള്ള തുക |
|---|---|---|---|---|---|
| KUDRFC | | 65032048 | 0 | 0 | 65032048 |

# 4-6 സ്ഥിരനിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,133/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ<br>പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 3-1 | 6133 | ശ്രീമതി. സൗമ്യ അസി. എഞ്ചിനീയർ (LSGD) | 118060100985 dtd16.05.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

വിശദാംശങ്ങൾ ലഭ്യമല്ല

# 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21,85,81,734/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 18,59,96,061/- |
| വരവിനങ്ങളിലെ നഷ്ടം | 3,976/- |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,59,325/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 3,976/- | | ശ്രീമതി. ഷീല, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 16,44,126/- | ശ്രീ. ബി.കെ. കൃഷ്ണകുമാർ, സെക്രട്ടറി |
| | 4,87,064/- | ശ്രീ. പ്രദീപ്, ജൂനിയർ സൂപ്രണ്ട് (സെക്രട്ടറിയുടെ ചുമതല) |
| | 6,28,135/- | ശ്രീ. അനിൽകുമാർ. ആർ, സെക്രട്ടറി |
| ആകെ | 27,59,325/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷീല,<br>അസി. എഞ്ചിനീയർ | | രാജീവം, ഗൗരി റോഡ്,<br>കുരുവിക്കാട്, വട്ടിയൂർക്കാവ് |
| ശ്രീ. ബി.കെ. കൃഷ്ണകുമാർ,<br>സെക്രട്ടറി | | സാന്ത്വനം, ഇഞ്ചിവിള,<br>നെടുംക്കോട്, പാറശ്ശാല |
| ശ്രീ. പ്രദീപ്,<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | | സരോവരം, മരുതമൺ,<br>കല്ലറ.പി.ഒ |
| ശ്രീ.അനിൽകുമാർ.ആർ.എസ്,<br>സെക്രട്ടറി | | കവിത, ടി.സി20/60(2)<br>മേലാറന്നൂർ |
| ഡോ.രാഖി.ആർ,<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | - | കല്ലറവീട്,<br>പുതുകുളങ്ങര. പി.ഒ.<br>നെടുമങ്ങാട്-695541 |
| ഡോ. സുനിൽ. ആർ,<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.) | | ഒലീവ് ലീവ്സ്,<br>ഉദിയൻകുളങ്ങര,<br>അമരവിള. പി.ഒ.<br>പിൻ-695506 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1203/2001 തീയതി 08.12.2015 | 3 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/304/2006 തീയതി 31.05.2006 | 12 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1183/2008 തീയതി 02.06.2011 | 7 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1184/2009 | 7 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/833/2009 | 7 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1839/2009 | 9 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/523/2010 തീയതി 23.03.2012 | 32 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1914/2013 തീയതി 29.11.2013 | 12 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/341/2013 തീയതി 04.06.2013 | 14 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2409/2013 തീയതി 06.04.2015 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 15 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2167/2016 തീയതി 26.12.2016 | 23 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/969/2017 തീയതി 11.10.2017 | 23 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/2623/2018 തീയതി 09.07.2019 | 15 |

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **വെള്ളറട** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ **വെള്ളറട** ഗ്രാമപഞ്ചായത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)
**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ആർ.2.11.19